6436
8/6/15

.കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - സാമൂഹ്യനീതി വകുപ്പിന് കീഴിൽ വിവിധ ജില്ലകളിലായി പ്രവർത്തിക്കുന്ന സ്ത്രീകൾക്കായുള്ള 21 ക്ഷേമ സ്ഥാപനങ്ങളിൽ ഇൻസിനറേറ്റർ സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

---

സാമൂഹ്യനീതി (ബി) വകുപ്പ്

സ.ഉ(സാധാ) നം. 309/2015/സാനീവ തീയതി, തിരുവനന്തപുരം 02.06.2015

---

പരാമർശം : 1) സാമൂഹ്യനീതി ഡയറക്ടറുടെ 20.04.2015 ലെ എഫ്5/12485/15 നമ്പർ കത്ത്.
2) 16.05.2015 ൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ നടപടിക്കുറിപ്പ്.

ഉത്തരവ്

സാമൂഹ്യനീതി വകുപ്പിന് കീഴിൽ വിവിധ ജില്ലകളിലായി പ്രവർത്തിക്കുന്ന, സ്ത്രീകൾക്കു വേണ്ടിയുള്ള താഴെപ്പറയുന്ന 21 ക്ഷേമ സ്ഥാപനങ്ങളിൽ ഇൻസിനറേറ്റർ സ്ഥാപിക്കേണ്ടതായിട്ടുണ്ടെന്ന് പരാമർശം (1) പ്രകാരം സാമൂഹ്യനീതി ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ജില്ല |
|---|---|---|
| 1 | മഹിളാ മന്ദിരം | തിരുവനന്തപുരം |
| 2 | നിർഭയ | തിരുവനന്തപുരം |
| 3 | റെസ്ക്യൂ ഹോം | കൊല്ലം |
| 4 | മഹിളാ മന്ദിരം | കൊല്ലം |
| 5 | മഹിളാ മന്ദിരം | ആലപ്പുഴ |
| 6 | മഹിളാ മന്ദിരം | പത്തനംതിട്ട |
| 7 | മഹിളാ മന്ദിരം | കോട്ടയം |
| 8 | മഹിളാ മന്ദിരം | എറണാകുളം |
| 9 | ചിൽഡ്രൻസ് ഹോം | എറണാകുളം |
| 10 | മഹിളാ മന്ദിരം | തൃശ്ശൂർ |
| 11 | പ്രത്യാശാ ഭവൻ | തൃശ്ശൂർ |
| 12 | മഹിളാ മന്ദിരം | മലപ്പുറം |
| 13 | റെസ്ക്യൂ ഹോം | മലപ്പുറം |
| 14 | മഹിളാ മന്ദിരം | പാലക്കാട് |
| 15 | മഹിളാ മന്ദിരം | കണ്ണൂർ |
| 16 | മഹിളാ മന്ദിരം | കാസർഗോഡ് |
| 17 | ചിൽഡ്രൻസ് ഹോം | കോഴിക്കോട് |
| 18 | ആശാ ഭവൻ | തിരുവനന്തപുരം |
| 19 | ആശാ ഭവൻ | തൃശ്ശൂർ |
| 20 | ആശാ ഭവൻ | കോഴിക്കോട് |
| 21 | നിർഭയ | വെഞ്ഞാറമൂട്, തിരുവനന്തപുരം |

(2). ഇൻസിനറേറ്റർ സ്ഥാപിക്കുന്നതിന് ഒന്നിന് 45,390/- രൂപ വച്ച് 21 സ്ഥാപനങ്ങളിൽ ഇൻസിനറേറ്റർ സ്ഥാപിക്കുന്നതിന് ആകെ 9,53,190/- രൂപ ആവശ്യമുണ്ടെന്നും ടി തുക നടപ്പ് സാമ്പത്തിക വർഷത്തിലെ അസംഘടിത വിഭാഗങ്ങളുടെ സാമൂഹ്യസുരക്ഷിതത്വ പദ്ധതികൾക്കായുള്ള 2235-60-200-83 (പ്ലാൻ) എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 10.4 കോടി രൂപയിൽ നിന്നും ചെലവഴിക്കുന്നതിനുള്ള അനുമതി നൽകണമെന്നും സാമൂഹ്യനീതി ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

(3) 16.05.2015 ൽ ചേർന്ന സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പ് യോഗം ടി പ്രൊപ്പോസലിന് ഉചിതമായ ടെൻഡർ നടപടിക്രമങ്ങൾ പാലിച്ചിരിക്കേണ്ടതാണ് എന്ന നിബന്ധനയ്ക്ക് വിധേയമായി അംഗീകാരം നൽകിയിട്ടുണ്ട്.

(4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽ നിബന്ധനയ്ക്കു വിധേയമായി സാമൂഹ്യനീതി വകുപ്പിന് കീഴിൽ സ്ത്രീകൾക്കുവേണ്ടിയുള്ള മേൽപ്പറഞ്ഞ 21 ക്ഷേമ സ്ഥാപനങ്ങളിൽ ഇൻസിനറേറ്റർ സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകിയും ഇതിനാവശ്യമായ 9,53,190/- രൂപ (ഒൻപത് ലക്ഷത്തി അൻപത്തി മൂവായിരത്തി നൂറ്റി തൊണ്ണൂറ് രൂപ മാത്രം) നടപ്പ് സാമ്പത്തിക വർഷത്തിലെ അസംഘടിത വിഭാഗങ്ങളുടെ സാമൂഹ്യസുരക്ഷിതത്വ പദ്ധതികൾക്കായുള്ള 2235-60-200-83 (പ്ലാൻ) ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകിയും ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
എ.ഷാജഹാൻ,
സ്പെഷ്യൽ സെക്രട്ടറി

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എആൻറ്ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഡി.ബി. സെൽ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
സാമൂഹ്യനീതി (എ) വകുപ്പ്
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ , ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ